**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **14-10-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഫ്ലാറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് കേരളത്തിൽ നിർമ്മിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 4 ഭവനസമുച്ചയങ്ങളും, ഭവനം ഫൗണ്ടേഷനിൽ നിന്നും വിലയ്ക്ക് വാങ്ങിയ ഒരു ഭവനസമുച്ചയവും, ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ടവരുടെ പുനരധിവാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നിർമ്മിച്ച 7 ഭവനസമുച്ചയങ്ങളും ഉൾപ്പെടെ ആകെ 12 ഭവനസമുച്ചയങ്ങളാണ് കേരളത്തിൽ നിർമ്മിച്ചിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നടുവണ്ണൂരിൽ നിർമ്മാണം ആരംഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നടുവണ്ണൂരിൽ 20/03/2021 ൽ നിർമ്മാണം ആരംഭിച്ച ഫ്ളാറ്റ് സമുച്ചയത്തിൻറെ ഫൗണ്ടേഷൻ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നടുവണ്ണൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; പ്രസ്തുത ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയും; എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് കരാറുകാരൻ നിർമ്മാണ പ്രവർത്തികൾ നിർത്തിവെച്ചിരിക്കുകയാണ്. കരാറുകാരുടെ തുക വർദ്ധനവ് എന്ന ആവശ്യം പരിശോധിച്ച സാങ്കേതിക സമിതിയുടെ ശുപാർശ സർക്കാർ പരിഗണനയിലാണ്. 72 കുടുംബങ്ങൾക്ക് ഈ ഫ്ളാറ്റിൽ താമസിക്കാൻകഴിയും. 938.50 ലക്ഷം രൂപയാണ്അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ ഭവനസമുച്ചയങ്ങൾ - 12

| നം | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|
| 1 | കണ്ണൂർ | കടമ്പൂർ ഗ്രാമപഞ്ചായത്ത് |
| 2 | കോട്ടയം | വിജയപുരം ഗ്രാമപഞ്ചായത്ത് |
| 3 | ഇടുക്കി | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് |
| 4 | കൊല്ലം | പുനലൂർ നഗരസഭ |
| 5 | ഇടുക്കി | അടിമാലി നഗരസഭ |
| 6 | തിരുവനന്തപുരം | വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് |
| 7 | തിരുവനന്തപുരം | തിരുവനന്തപുരം നഗരസഭ |
| 8 | എറണാകുളം | കീഴ്മാട് ഗ്രാമപഞ്ചായത്ത് |
| 9 | എറണാകുളം | അങ്കമാലി നഗരസഭ |
| 10 | എറണാകുളം | ജിസിഡിഎ, കൊച്ചി നഗരസഭ |
| 11 | മലപ്പുറം | പെരിന്തൽമണ്ണ നഗരസഭ |
| 12 | തൃശ്ശൂർ | പഴയന്നൂർ(കെയർഹോം) |